**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **03-02-2026 - ൽ മറുപടിയ്ക്ക്**

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | കോട്ടക്കൽ പുത്തൂർ ചെനക്കൽ ബൈപാസ് റീച്ച് 3 നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ചെയ്യേണ്ടതുണ്ട്. ഭൂമി ലഭ്യതയുടെ കുറവ് മൂലം പ്രവൃത്തിയ്ക്കായി തയ്യാറാക്കിയിട്ടുള്ള അലൈൻമെന്റിൽ IRC മാനദണ്ഡങ്ങൾ പ്രകാരം റോഡിന്റെ ഗ്രേഡിയന്റ് പാലിക്കുവാൻ സാധിച്ചിട്ടില്ല. നിലവിൽ നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിൽ ഗ്രേഡിയന്റ് സംബന്ധിച്ച IRC മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യപ്പെട്ടിരുന്നെങ്കിലും IRC ഗ്രേഡിയന്റ് പാലിക്കണമെന്ന് സർക്കാരിൽ നിന്നും അറിയിച്ചിരുന്നു. നിലവിൽ 0/000 3/040 വരെയുള്ള ബൈപ്പാസിന്റെ പൂർത്തീകരിച്ച ഭാഗം ഉയർത്തി ഗ്രേഡിയന്റ് മാനദണ്ഡങ്ങൾക്കുള്ളിൽ കൊണ്ടുവന്നു കൊണ്ട് ഗ്രേഡിയന്റ് അംഗീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ നടത്തി പ്രവൃത്തിയുമായി മുന്നോട്ടുപോകുന്നതാണ് പ്രായോഗികം. അലൈൻമെന്റിലൂള്ള ഭൂമിയുടെ വീതി നിലനിർത്തിക്കൊണ്ട് cutting and filling നടത്തി IRC മാനദണ്ഡങ്ങൾക്കനുസരിച്ചു. proposals തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് ഐ.ആർ. സി. (Indian Roads Congress) മാനദണ്ഡ പ്രകാരമുള്ള പുതിയ അലൈൻമെന്റിനു അംഗീകാരം ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിയ്ക്ക് ആവശ്യമായി വരുന്ന സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | നിലവിലുള്ള അലൈൻമെന്റിലുള്ള ഭൂമിയുടെ വീതി നിലനിർത്തിക്കൊണ്ട് IRC മാനദണ്ഡ പ്രകാരമുള്ള ഗ്രേഡിയന്റിനനുസരിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കുന്നത്. ജനവാസ മേഖലയിലൂടെ കടന്നു പോകുന്ന റോഡ് ആയതിനാൽ ഇത്തരത്തിൽ 10 മീറ്ററിലധികം കട്ടിംഗ് and ഫില്ലിംഗ് നടത്തുന്നതിന്റെ പ്രായോഗികത പരിശോധിക്കേണ്ടതുണ്ട്. അലൈൻമെന്റ് അന്തിമമാകുന്ന മുറക്ക് സ്ഥലമേറ്റെടുക്കുന്ന തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. |
| (സി) | പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ